Vandiperiyarum

Ayyappa · Malayalam

വണ്ടിപ്പെരിയാരും മേടും നടപ്പാതയാക്കി
ഇണ്ടലൊക്കെ ഇരുമുടിയായി ശിരസ്സിന്മേൽ ഏന്തി
അണ്ഡകങ്ങൾ വാഴും അയ്യാ കലികാല ദേവാ
കണ്ടു നിന്നെ കുമ്പിടുവാൻ വരവായി ഞങ്ങൾ
അയ്യപ്പ തിന്തകതോറും സ്വാമി തിന്തകതോം
അയ്യപ്പ തിന്തകതോറും സ്വാമി തിന്തകതോം

പലകോടി ഭക്തജനം പതിവായി നിൻ നടയിൽ
മകര സംക്രാന്തി ദിനം എത്തിടുമ്പോൾ നീ
അവരിൽ കൃപ ചൊരിയണമേ അയ്യപ്പാ (2)
അവരിൽ കൃപ ചൊരിയണമേ ആനന്ദ രൂപാ

നിറദീപ നെയ്തിരികൾ നിറയും നിൻ കോവിലിലെ
നടയിൽ നിന്നെരിയുമ്പോൾ ഇഷ്ടദേവാ
നീ വരമെല്ലാം തരുകില്ലേ അയ്യപ്പാ (2)
വരമെല്ലാം തരുകില്ലേ ശ്രീ ഭൂതനാഥാ

സത്യദീപ നാളമല്ലോ നിത്യ ബ്രഹ്മചാരിയല്ലേ
ഭക്ത ജനകോടികൾ തൻ ശക്തിയല്ലേ
നീ മുക്തി ഞങ്ങൾക്കേകുകില്ലേ അയ്യപ്പാ (2)
മുക്തി ഞങ്ങൾക്കേകുകില്ലേ ശ്രീധർമ്മശാസ്താ